പരിശോധിച്ച് ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന റിസ്ക് ഫണ്ട് ധനസഹായ തുക ബോർഡ് ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്ത് നൽകുകയും വിവരം അപേക്ഷകനായ അനന്തരാവകാശിയെ അറിയിക്കുകയും ചെയ്യുന്നു. തുക ലഭിച്ചു കഴിഞ്ഞാൽ സംഘം ടി വായ്പ കണക്ക് അവസാനിപ്പിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് 15 ദിവസത്തിനുള്ളിൽ ബോർഡിന് അയച്ചുകൊടുക്കുന്നു. റിസ്ക്ഫണ്ട് പദ്ധതിയുടെ നിയമാവലി പ്രകാരം വായ്പാകാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിലധികരിച്ചും വായ്പാകാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാകാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിലധികരിച്ചും വായ്പാ മുതലിലെ തിരിച്ചടവിൽ വീഴ്ച വരുത്താതിരുന്നാൽ റിസ്ക്ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർത്തിട്ടില്ലാത്ത രണ്ട് സഹകരണ സംഘങ്ങളുണ്ട്.

1. വൈക്കം ഗവൺമെന്റ് ടീച്ചേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 353

2. ഉദയനാപുരം അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 1111.

(സി) സംഘങ്ങൾ/ബാങ്കുകളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്ന് റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ ഈ സർക്കാർ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഏതെങ്കിലും സംഘങ്ങളുടെ മനഃപൂർവ്വമായ വീഴ്ചകാരണം ലഭ്യമാകാതെ വരുന്ന കേസുകളിൽ നിയമാനുസൃത നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക മേഖലയിലെ സഹകരണ സംഘങ്ങൾ

113 (2314) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട് ; പ്രസ്തുത സംഘങ്ങൾക്ക് പ്രതിവർഷം ഗ്രാൻറായി നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പകളുടെയും കാർഷിക ബാങ്കുകൾ നൽകുന്ന വായ്പകളുടെയും വിനിയോഗം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) കാർഷിക വായ്പകളുടെ വിനിയോഗം ശരിയായ നിലയിലാണോ എന്നും പ്രസ്തുത വായ്പ ഉപയോഗിച്ച് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ കാർഷിക മേഖലയുടെ സംരക്ഷണത്തിനും ഉത്പാദന വർദ്ധനവിനും അനുഗ്രഹമായിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനും നടപടികളുണ്ടോ; പ്രസ്തുത പരിശോധനയിൽ തുക ദുരുപയോഗം ചെയ്യപ്പെടുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത്തരം എത്ര കേസുകളിൽ നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

ഉത്തരം

(എ) കാർഷിക മേഖലയിൽ 2131 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സംഘങ്ങൾക്ക് പ്രതിവർഷം ഗ്രാന്റായി തുക അനുവദിക്കുന്നില്ല.

(ബി) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും നൽകുന്ന കാർഷിക വായ്പകൾ കൃഷി ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നതെന്ന് സംഘം സെക്രട്ടറി, യൂണിറ്റ് ഇൻസ്പെക്ടർ, ജില്ലാ സഹകരണ ബാങ്ക് ഇൻസ്പെക്ടർ എന്നിവർ കൂട്ടായി പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്. കാർഷിക വായ്പകൾക്ക് നൽകുന്ന കുറഞ്ഞ നിരക്കിലുള്ള പലിശ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ അത്തരം വായ്പകൾ കൈപ്പറ്റിയ തീയതി മുതൽ കാർഷികേതര വായ്പയായി കണക്കാക്കി കാർഷികേതര വായ്പയ്ക്ക് ഈടാക്കുന്ന പലിശ നിരക്കിൽ ഈടാക്കുന്നതാണെന്ന് എഗ്രിമെന്റ്/ജാമ്യ കടപത്രത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ/കുടുംബശ്രീ യൂണിറ്റുകൾ/ അയൽക്കൂട്ടങ്ങൾ മുഖേന കാർഷിക വായ്പാ വിതരണം നടത്തിയിട്ടുണ്ടെങ്കിൽ അത്തരം വായ്പകളുടെ വിനിയോഗം പരിശോധിക്കേണ്ടതാണെന്നും നിലവിൽ നിർദ്ദേശമുണ്ട്. മാത്രമല്ല താലൂക്ക് തലത്തിൽ ഓരോ മാസവും നടക്കുന്ന യോഗത്തിൽ കാർഷിക വായ്പാവിതരണ പുരോഗതിയും വിലയിരുത്തുന്നതാണ്. അതോടൊപ്പംതന്നെ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷിക വായ്പാ അവലോകന കമ്മിറ്റിയോട് വായ്പകൾ ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ നൽകുന്ന കാർഷിക വായ്പകളുടെ വിനിയോഗം സൂപ്പർവൈസർമാർ, അഗ്രിക്കൾച്ചർ ഓഫീസർ, വാല്യുവേഷൻ ഓഫീസർ എന്നിവർ പരിശോധിക്കുന്നു. സൂപ്പർവൈസർമാർ, അഗ്രിക്കൾച്ചറൽ ഓഫീസർമാർ എന്നിവർ പരിശോധിക്കുന്ന വിനിയോഗം വാല്യുവേഷൻ ഓഫീസർമാർ വീണ്ടും പരിശോധിക്കുന്ന സംവിധാനവും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും നൽകുന്ന കാർഷിക വായ്പകൾ കാർഷിക മേഖലയുടെ സംരക്ഷണത്തിനും ഉത്പ്പാദന വർദ്ധനവിനും പ്രയോജനകരമായ രീതിയിലാണോ എന്ന് താലൂക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും ബന്ധപ്പെട്ട കമ്മിറ്റികൾ പരിശോധിക്കുന്നുണ്ട്. ഇതിനുപുറമെ സംഘങ്ങളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. വായ്പ അപേക്ഷ ശരിയായ കാർഷികാവശ്യത്തിനു വേണ്ടിയുള്ളതാണെന്ന് വിലയിരുത്തിയ ശേഷമാണ് സംഘം ഭരണസമിതികൾ വായ്പ അനുവദിക്കുന്നത്. വായ്പ അനുവദിച്ച് കഴിഞ്ഞതിനുശേഷം കാർഷിക വായ്പകളുടെ വിനിയോഗം സംബന്ധിച്ച് സഹകരണ സംഘം/ബാങ്ക് ഭരണസമിതികൾ പരിശോധന നടത്താറുണ്ട്. കാർഷിക വായ്പകളുടെ വിനിയോഗം സംബന്ധിച്ച് സഹകരണ സംഘങ്ങളിൽ യൂണിറ്റ് തലത്തിൽ ഇൻസ്പെക്ടർമാർ പരിശോധന നടത്താറുണ്ട്. കാർഷിക വായ്പകൾ ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ട ആറനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1559-ൽ ടി വായ്പകൾ ക്ലോസ് ചെയ്യിക്കുകയും പലിശനഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽനിന്ന് ഈടാക്കുകയും ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തെന്നല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ് 720-ൽ കെ.സി.സി. വായ്പകൾ ദുരുപയോഗം ചെയ്തതായി വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.

കാർഷിക വായ്പകൾ

114(2315) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ഇതുവരെ സഹകരണ ബാങ്കുകൾ എത്ര തുകയുള്ള കാർഷിക വായ്പ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പയിൽ സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രൈമറി കാർഷിക സംഘങ്ങൾ എന്നിവ എത്ര തുകവീതം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വായ്പകളിൽ കൃഷിക്കാർക്ക് ഏതെങ്കിലും പലിശയിളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക നൽകി എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly